വച്ച് പിരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് മേൽപ്പറഞ്ഞ തുക അടയ്ക്കേണ്ടതാണെന്നു കാണിച്ച് കക്ഷിക്ക് അറിയിപ്പ് അടൂർ തഹസിൽദാർ കൊടുത്തിട്ടുള്ളതാണ്. ആർ. ആർ. ആക്ടിൻ പ്രകാരം ജപ്തിനടപടി സ്വീകരിക്കുകയോ പട്ടയം റദ്ദ് ചെയ്യുകയോ ചെയ്യുമെന്നുള്ള മുന്നറിയിപ്പു താലൂക്കധികൃതർ നൽകിയിട്ടുണ്ടോയെന്നുള്ള വിവരം ശേഖരിച്ചു വരുന്നു.

## മലയോര കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള കേന്ദ്ര അനുവാദം

664 [636] ശ്രീ. ബന്നി ബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര കർഷകർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര അനുവാദത്തിനുവേണ്ടി സമർപ്പിച്ചോ;

(ബി) ഇല്ലെങ്കിൽ എന്നു സമർപ്പിക്കും;

(സി) ഇതനുസരിച്ച് എത്ര പേർക്കു പട്ടയം കിട്ടും എന്നാണ് കണക്കാക്കിയിരിക്കുന്നത്?

### ഉത്തരം

(എ) സമർപ്പിച്ചു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കൃത്യമായി നിർണ്ണയിച്ചിട്ടില്ല.

## മലയോര കർഷകർക്കു പട്ടയം നൽകാനുള്ള തീരുമാനം

665 [637] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരിക്കു മുൻപ് കുടിയേറിപ്പാർത്ത മലയോര കർഷകർക്ക് പട്ടയം നൽകുവാൻ ഗവൺമെന്റ് എന്നാണ് തീരുമാനിച്ചത്;

(ബി) ഇക്കാര്യത്തിനായി റവന്യൂ—ഫോറസ്റ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ സംയുക്തമായി എവിടെയെല്ലാം പരിശോധിച്ചു;

(സി) ഇനി എവിടെയെല്ലാം പരിശോധിക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പട്ടയങ്ങൾ നൽകാൻ കേന്ദ്രാനുവാദം കിട്ടിയോ; എങ്കിൽ എന്ന്;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര മലയോര കർഷകർക്ക് പട്ടയം നൽകി;

(എഫ്) എല്ലാ മലയോര കർഷകർക്കും ഒരു ക്ലിപ്ത തീയതിക്കകം പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 27–10–1982–ൽ.

LIBRARY ARCHIVES Kerala Legislative Assembly